# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

22

www.industry.kerala.gov.in

01 AUGUST 2022




# സംരംഭക വർഷത്തിൽ പ്രത്യേക വായ്പാ പദ്ധതി

## കെ.ഇ.എൽ.എസ് ന് തുടക്കം കുറിച്ചു



2022- 23 സംരംഭക വർഷത്തിന്റെ ഭാഗമായുള്ള സംരംഭക വായ്പാ പദ്ധതിയുടെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. സംസ്ഥാനതല ബാങ്കേഴ്സ് കമ്മറ്റിയുടെ നേതൃത്വത്തിൽ എല്ലാ ബാങ്കുകളുടെയും സഹകരണത്തോടു കൂടിയാണ് സംരംഭകർക്കായി പുതിയ വായ്പാ പദ്ധതിയായ കെ.ഇ.എൽ.എസ് (കേരള എന്റർപ്രണേഴ്സ് ലോൺ സ്കീം) ആരംഭിക്കുന്നത്. പുതുതായി ആരംഭിക്കുന്ന എം.എസ്.എം.ഇ കൾക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതാണ് കേരള സംരംഭക വായ്പാ പദ്ധതി. നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. സംരംഭക വർഷത്തിൽ കെ.ഇ.എൽ.എസ് പദ്ധതിക്കൊപ്പം മറ്റെല്ലാ സംരംഭക വായ്പകളും 4% പലിശ നിരക്കിൽ ലഭ്യമാക്കും. കുറഞ്ഞ നിരക്കിൽ ബാങ്കുകൾ വായ്പ നൽകുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യതക്ക് സർക്കാർ പലിശയിളവ് നൽകും.

നിർമ്മാണം, സേവനം, വ്യാപാരം തുടങ്ങിയ മേഖലകളിൽ ആരംഭിക്കുന്ന പത്ത് ലക്ഷം രൂപ വരെയുള്ള വായ്പകൾക്കാണ് കെ.ഇ.എൽ.എസ്സിലൂടെ പലിശയിളവ് ലഭിക്കുക. ഇതിനായി തയ്യാറാക്കിയ പ്രത്യേക പോർട്ടൽ മുഖാന്തരമാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷകന് ഉദ്യം രജിസ്ട്രേഷൻ ഉണ്ടാവണം. അപേക്ഷകൾ അതിവേഗം തീർപ്പാക്കാൻ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അഞ്ച് ലക്ഷം വരെയുള്ള അപേക്ഷകൾ 15 ദിവസങ്ങൾക്കുള്ളിലും 10 ലക്ഷം വരെയുള്ള അപേക്ഷകൾ ഒരു മാസത്തിനുള്ളിലും പരിഗണിച്ച് തീർപ്പുകൽപ്പിക്കും. തദ്ദേശ സ്ഥാപനങ്ങളിൽ 2022 ആഗസ്റ്റ് മാസത്തിൽ വായ്പാ മേളകൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

> നിർമ്മാണം, സേവനം, വ്യാപാരം തുടങ്ങിയ മേഖലകളിൽ ആരംഭിക്കുന്ന **പത്ത് ലക്ഷം രൂപ വരെയുള്ള** വായ്പകൾക്കാണ് പലിശയിളവ് ലഭിക്കുക.

'സംരംഭകരെ തേടി പോകുന്ന നയമാണ് സർക്കാരിന്റേത്. 'എന്റെ സംരംഭം നാടിന്റെ അഭിമാനം' എന്ന മുദ്രാവാക്യം ഉയർത്തി കൊണ്ടാണ് ഒരു വർഷത്തെ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ തീരുമാനിച്ചത്. മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ വ്യവസായം, തദേശ സ്വയംഭരണം, സഹകരണം തുടങ്ങിയ വകുപ്പുകൾ യോജിച്ചാണ് സംരംഭക വായ്പാ പദ്ധതി നടപ്പിലാക്കുന്നത്. താഴെ തലങ്ങളിലുള്ള സംരംഭകർ ബാങ്കുകളിൽ വരുമ്പോൾ അവരെ കൈ പിടിച്ച് സഹായിക്കുന്നുവെന്ന തോന്നൽ ഉണ്ടാകണം. ഓരോ ബാങ്കും സംരംഭക വായ്പ നൽകുന്നതിൽ ടാർജറ്റ് നിശ്ചയിച്ച് മുന്നോട്ട് പോയാൽ ഓരോ പഞ്ചായത്തിലും ആയിരക്കണക്കിന് ചെറിയ സംരംഭങ്ങൾ തുടങ്ങുവാൻ കഴിയും. പരിസ്ഥിതിയ്ക്ക് ഇണങ്ങുന്ന സംരംഭങ്ങളെയാണ് സർക്കാർ പദ്ധതിയുടെ ഭാഗമായി കൂടുതൽ പ്രോത്സാഹിപ്പിക്കുന്നെതെന്നും' ബഹു. മന്ത്രി പറഞ്ഞു.

വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ വായ്പാ സംവിധാന മൊബൈൽ ആപ്പിന്റെ ഉദ്ഘാടനവും വിവിധ ബാങ്കുകൾ സംരംഭകർക്ക് നൽകുന്ന വായ്പ അനുമതി പത്രിക വിതരണത്തിന്റെ ഉദ്ഘാടനവും ബഹു. മന്ത്രി നിർവഹിച്ചു. 2022 ജൂലൈ 22 തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹു. വട്ടിയൂർക്കാവ് എം.എൽ.എ ശ്രീ. വി.കെ പ്രശാന്ത് അധ്യക്ഷനായിരുന്നു. സംസ്ഥാന വ്യവസായ വകുപ്പ് കേരളത്തിൽ പുതിയ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള നല്ല പരിശ്രമത്തിലാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് സ്വാഗതം പറഞ്ഞു. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ ശ്രീ. എസ്. പ്രേംകുമാർ വിഷയാവതരണം നടത്തി. കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ ശ്രീ. എം.ജി രാജമാണിക്യം ഐഎഎസ്, കെ.എഫ്.സി എക്സിക്യുട്ടീവ് ഡയറക്ടർ ശ്രീ. പ്രേംനാഥ് രവീന്ദ്രനാഥ്, കേരള ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. എം.ഖാലിദ്,സിഐഐ കേരള പ്രതിനിധി ശ്രീ. ഗണേഷ്,ടിഐഇ കേരള എക്സിക്കുട്ടീവ് ഡയറക്ടർ ശ്രീ. അരുൺ നായർ,വ്യവസായ വാണിജ്യ ജോയിന്റ് ഡയറക്ടർ ശ്രീ. ജി. രാജീവ് തുടങ്ങിയവർ പ്രസംഗിച്ചു.

# ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളുടെ അനന്ത സാധ്യത;

## ഒ.എൻ.ഡി.സി ശിൽപശാല സംഘടിപ്പിച്ചു

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംഘടിപ്പിച്ച ഒ.എൻ.ഡി.സി ശിൽപശാല കേരള ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് ഐഎഎസ് ഉദ്ഘാടനം ചെയ്തു. ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് എന്നത് ഓപ്പൺ സോഴ്സ് അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഉൽപ്പന്നങ്ങൾ വിൽക്കാനും വാങ്ങാനും സഹായിക്കുന്ന സംവിധാനമാണ്. ഇതിൽ രജിസ്റ്റർ ചെയ്യുന്ന സംരംഭങ്ങൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിവിധ ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കാൻ സാധിക്കും. ഇതിനുള്ള സാങ്കേതിക സഹായം ഒ.എൻ.ഡി.സി ലഭ്യമാക്കും. ചെറുകിട സംരംഭങ്ങൾക്കും വ്യാപാരികൾക്കുമുൾപ്പെടെ ഇന്നത്തെ ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ സാധിക്കുമെന്നത് ഈ സംവിധാനത്തിന്റെ മേന്മയാണ്. നിലവിൽ സംസ്ഥാനത്തെ ഇ കൊമേഴ്സ് ഓപ്പറേറ്റേഴ്സും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുമാണ് ഒ.എൻ.ഡി.സിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

വ്യവസായ, നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐഎഎസ് അധ്യക്ഷസ്ഥാനം അലങ്കരിച്ച ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐഎഎസ് സ്വാഗത പ്രസംഗം നിർവഹിച്ചു. ഒഎൻഡിസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ. തമ്പി കോശി; ഒഎൻഡിസി, ചീഫ് ബിസിനസ് ബിസിനസ് ഓഫീസർ ശ്രീ. ശിരീഷ് ജോഷി; വ്യവസായ വാണിജ്യ വകുപ്പ് ജോയിന്റ് ഡയറക്ടർ, ശ്രീ.രാജീവ് ജി. എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.









കേരളത്തിനകത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഏറ്റവും മികച്ച കൈത്തറി, കരകൗശല പാരമ്പര്യങ്ങൾ ഉയർത്തിക്കാട്ടുന്നതിനും പരമ്പരാഗത കരകൗശല വിദഗ്ധരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന **'മലബാർ ക്രാഫ്റ്റ്സ് മേള' 2022 ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 4 വരെ** കോഴിക്കോട് സ്വപ്ന നഗരിയിൽ നടക്കുന്നു..

# വ്യവസായ വകുപ്പിന്റെ കെ സ്വിഫ്റ്റ് സംവിധാനത്തിന്

## മുഖ്യമന്ത്രിയുടെ പ്രത്യേക പുരസ്കാരം

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ പൊതുജനസേവന സംബന്ധിയായ നൂതന നയരൂപീകരണങ്ങൾക്ക് ഏർപ്പെടുത്തിയ അവാർഡിന്, 2020 വർഷത്തിൽ കെ സ്വിഫ്റ്റ് അർഹമായി. 5 ലക്ഷം രൂപയും ഫലകവും ഉൾപ്പെടുന്നതാണ് അവാർഡ്.

പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ലഭ്യമാക്കൽ, നടപടിക്രമങ്ങളുടെ മെച്ചപ്പെടുത്തൽ, വികസന ഇടപെടലുകൾ, ഉദ്യോഗസ്ഥസമൂഹത്തിന്റെ മാനേജ്മന്റ് എന്നീ 4 വിഭാഗങ്ങളിലായാണ് അവാർഡുകൾക്കായി സർക്കാർ സ്ഥാപനങ്ങളെയും ഏജൻസികളെയും പരിഗണിച്ചത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ ഗവണ്മെന്റ് (IMG) ആണ് അവാർഡുകൾക്കായി വിവിധ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും പദ്ധതികൾ വിലയിരുത്തി കൂടിക്കാഴ്ചകൾ നടത്തി വിജയികളെ തിരഞ്ഞെടുത്തത്.

വ്യവസായ സംരംഭങ്ങൾക്ക് അംഗീകാര പത്രം നൽകുന്ന ഓൺലൈൻ ഏകജാലക സംവിധാനമായ കെസ്വിഫ്റ്റിന്റെ പുതിയ പതിപ്പ് 2022 ജനുവരി 1നാണ് ഉദ്ഘാടനം ചെയ്തത്. 21 വകുപ്പുകളിലായി 85 ലധികം സേവനങ്ങൾ കെസ്വിഫ്റ്റ് പോർട്ടലിലൂടെ നൽകി വരുന്നു. 37,703 രജിസ്റ്റർ ചെയ്ത ഉപയോക്താക്കളിൽ നിന്നും ഇതുവരെ 2030 ഡിജിറ്റൽ ലൈസൻസുകൾ കെസ്വിഫ്റ്റ് പോർട്ടൽ വഴി നൽകിയിട്ടുണ്ട്. കൂടാതെ 19,121 എം എസ് എം ഇ അക്നോളജ്മെന്റ് സർട്ടിഫിക്കറ്റുകളും ഇതിനകം നൽകി. 3,800 കോടി രൂപയുടെ നിക്ഷേപവും കെസ്വിഫ്റ്റ് വഴി സാധ്യമായി. കൂടുതൽ വകുപ്പുകളുടെ സേവനം കെസ്വിഫ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.